# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 4370

28/06/2012-ൽ മറുപടി
നല്കേണ്ടത്

### റാന്നി താലൂക്കിലെ ആലിമുക്കിലെ കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) റാന്നി താലൂക്കിലെ ആലിമുക്കിലെ കൈവശക്കാരായ 200ലധികം കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;<br><br>(ബി) പട്ടയം നൽകുന്നതിനായി ഇനിയും എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; അതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) , (ബി)<br>റാന്നി താലൂക്കിലെ ആലിമുക്കിലെ 212 കൈവശക്കാർക്ക് ആരബിൾ ഫോറസ്റ്റ് ലാന്റ് അസൈൻമെന്റ് റൂൾസ് 1970 സെക്ഷൻ 21 പ്രകാരം തറവില, തടിവില ഒഴിവാക്കി സൗജന്യമായി പതിച്ച നല്കുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷ ആരബിൾ ഫോറസ്റ്റ് ലാന്റ് അസൈൻമെന്റ് റൂൾസ് 1970ലെ ചട്ടം 4 ഉം ചട്ടം 5 ഉം പ്രകാരമുള്ള ടി കൈവശക്കാരുടെ അർഹത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പത്തനംതിട്ട ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) നാളിതുവരെ എത്ര കുടുംബങ്ങളുടെ അപേക്ഷകൾ വില്ലേജാഫീസിൽ ലഭിച്ചിട്ടുണ്ട്; ഇനിയും എത്ര കുടുംബങ്ങൾ കൂടി അപേക്ഷ നൽകാനുണ്ട്; | (സി) റാന്നി താലൂക്കിലെ ആലിമുക്കിലെ 198 കുടുംബങ്ങൾക്കായി 224 കൈവശങ്ങൾ (സബ് ഡിവിഷനുകൾ) ഉള്ളതിൽ 200 കൈവശങ്ങളുടെ അപേക്ഷകൾ ലഭിച്ചിട്ടുള്ളതാണ്. ശേഷിക്കുന്ന 24 കൈവശങ്ങളിൽ 11 എണ്ണം സ്ഥാപനങ്ങളുടേത് ആകുന്നു. (ആരാധനാലയം, ശ്മശാനം പൗരസമിതി കെട്ടിടം അഗ്രോ സർവ്വീസ് സെന്റർ അംഗനവാടി) ഇവയൊഴികെ 13 കൈവശങ്ങളുടെ കൂടി അപേക്ഷ ലഭിക്കാനുണ്ട്. |

(ഡി) പ്രസ്തുത അപേക്ഷ ലഭിച്ചതിനുശേഷം എന്തൊക്കെ നടപടിക്രമങ്ങൾ സ്വീകരിച്ചാണ് പട്ടയം നൽകാൻ കഴിയുക എന്നത് സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ;

(ഇ) എന്ന് ഇവർക്ക് പട്ടയം നൽകാൻ കഴിയുമെന്ന് പ്രഖ്യാപിക്കാൻ കഴിയുമോ?

(ഡി) , (ഇ)

പരിശോധിച്ച ശേഷമായിരിക്കും അനന്തര നടപടികൾ സ്വീകരിക്കുക.

സെക്ഷൻ ഓഫീസർ